പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1602 — 21.03.2012 ൽ മറുപടിയ്ക്ക്

## കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ.അൻവർസാദത്ത്

**മറുപടി**

ശ്രീ. കെ.പി. മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് കാർഷികോല്പാദനം ആനുപാതികമായും കാലാനുസൃതമായും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**(എ)** കാർഷികോല്പാദന വർദ്ധനയ്ക്കായി അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തുക്കൾ കൃഷി വകുപ്പ് ഫാമുകളിലൂടെയും ടിഷ്യുകൾച്ചർ ലാബുകളിലൂടെയും സംസ്ഥാന വിത്തു വികസന ഏജൻസി വഴിയും കൃഷിക്കാർക്ക് ലഭ്യമാക്കുന്നു.

വിജ്ഞാന വ്യാപന പ്രവർത്തനത്തിലൂടെ ശാസ്ത്രീയ കൃഷിമാർഗ്ഗങ്ങൾ കർഷകരിൽ എത്തിക്കുന്നു.

ശാസ്ത്രീയ വിള പരിപാലന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് വേണ്ട ഉല്പാദനോപാധികൾ വിവിധ പദ്ധതികളിലൂടെ സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് ലഭ്യമാക്കുന്നു. തൊഴിലാളികളുടെ ലഭ്യതക്കുറവും വേതന വർദ്ധനവും മൂലമുള്ള പ്രശ്ന പരിഹാരത്തിന് കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനുള്ള വിവിധ പദ്ധതികളും കൃഷി വകുപ്പ് നടത്തുന്നു.

കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് തരിശു ഭൂമികൾ പരമാവധി കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനവും ധനസഹായവും കൃഷി വകുപ്പ് നൽകി വരുന്നു. ഇടവിള കൃഷി പ്രോത്സാഹിപ്പിച്ചും വിള വർദ്ധന സാദ്ധ്യമാകുന്നു.

**(ബി)** കാർഷിക വിളകളുടെ ഉല്പാദനത്തിൽ എത്രമാത്രം വർദ്ധനവാണ് ഈ വർഷം ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

**(ബി)** മറുപടി അനുബന്ധമായി പ്രത്യേകമായി ചേർത്തിരിക്കുന്നു.

**(സി)** ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ

**(സി)** കേന്ദ്ര സർക്കാരിന്റെ ധനസഹായം പൂർണ്ണമായും

| | | | |
|---|---|---|---|
| | ധനസഹായം പൂർണ്ണമായും നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2011-12 വർഷത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്നും നാളിതുവരെ 10827.67 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) | തരിശു നിലങ്ങളിൽ പുതുതായി കൃഷി ചെയ്യുന്നതിന് എന്ത് ധനസഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | തരിശുനിലങ്ങളിൽ പുതുതായി കൃഷി ചെയ്യുന്നതിന് വിവിധ വിളകൾക്ക് നൽകുന്ന ധനസഹായം ചുവടെ ചേർക്കുന്നു.<br>നെല്ല് - 25000 രൂപ (ഹെക്ടറിന്)<br>വാഴ - 35000 രൂപ (ഹെക്ടറിന്)<br>പച്ചക്കറികൾ - 25000 രൂപ (ഹെക്ടറിന്)<br>കിഴങ്ങു വർഗ്ഗങ്ങൾ - 25000 രൂപ (ഹെക്ടറിന്)<br><br>കൂടാതെ തരിശു ഭൂമി കൃഷി ചെയ്യാൻ വിട്ടുകൊടുക്കുന്ന ഭൂവുടമയ്ക്ക് ഹെക്ടറിന് ഒരു വർഷം 5000/- രൂപ വീതവും ധനസഹായം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സംസ്ഥാന ആസൂത്രണ ബോർഡിന്റെ വാർഷിക പദ്ധതിയനുസരിച്ച് 2011-12 വർഷത്തേക്ക് 2010-11 നേക്കാൾ താഴെപ്പറയും വിധം, പ്രധാനപ്പെട്ട വിളകൾക്കായി, ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടിട്ടുണ്ട്.

| | വിള | 2010-11 | 2011-12 |
|---|---|---|---|
| 1) | നെല്ല് | 8.73 ലക്ഷം ടൺ | 8.80 ലക്ഷം ടൺ |
| 2) | നാളീകേരം | 7000 മില്യൺ നാളികേരം | 7500 മില്യൺ നാളികേരം |
| 3) | വാഴപ്പഴങ്ങൾ | 14 ലക്ഷം ടൺ | 15.00 ലക്ഷം ടൺ |
| 4) | കുരുമുളക് | 0.45 ലക്ഷം ടൺ | 0.50 ലക്ഷം ടൺ |
| 5) | കശുമാവ് | 0.40 ലക്ഷം ടൺ | 0.45 ലക്ഷം ടൺ |

സെക്ഷൻ ഓഫീസർ